No. 008/2017

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ദൈവസ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് പ. സഭയുടെ ദൗത്യം. ആയത് ദൈവീക കൃപയാൽ ഊർജ്ജ സ്വലതയോടെ നിർവ്വഹിക്കാൻ കഴിയുന്നു എന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. കുഷ്ഠരോഗി കൾ, എയ്ഡ്സ് രോഗികൾ അവരുടെ കുഞ്ഞുങ്ങൾ എന്നിവർക്കായി നടത്തപ്പെടുന്ന ആന്ധ്രയിലെ യാച്ചാ രം ബാലഗ്രാം, പൂനാ ദേഹൂറോഡിലെ സെന്റ് ജോർജ്ജ് ബാലികാഗ്രാം, ബാംഗ്ളൂർ കുണിഗലിലെ ദയാ ഭവൻ, ഹോസ്പിറ്റൽ, തുംകൂറിലെ പാലിയേറ്റീവ് കെയർ സെന്റർ തുടങ്ങിയവയെല്ലാം ക്രിസ്തേതരരുടെ ഇടയിൽ ക്രിസ്തീയ സ്നേഹത്തിന്റെ ചാലകശക്തിയും ക്രൈസ്തവസാക്ഷ്യത്തിന്റെ പ്രകാശഗോപുര ങ്ങളുമായി പ്രശോഭിക്കുന്നു.

യാച്ചാരം സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാമിൽ കുഷ്ഠരോഗികളുടെ നൂറ്റിപ്പത്തോളം കുഞ്ഞുങ്ങൾ ഒന്നാം ക്ലാസുമുതൽ എഞ്ചിനീയറിംഗ് വരെ പഠനം നടത്തുന്നു. മറ്റ് സ്ഥാപനങ്ങളിലെല്ലാം കൂടി ഇരുന്നൂറില ധികം കുഞ്ഞുങ്ങൾ താമസിച്ച് പഠിക്കുന്നുണ്ട്. പഠനം കഴിഞ്ഞ കുഞ്ഞുങ്ങൾ വിവിധ നിലകളിൽ പ്രവർത്തി ക്കുന്നു. യാച്ചാരത്തെ കണ്ണാശുപത്രിയും വൃദ്ധഭവനവും സമീപഗ്രാമവാസികൾക്കെല്ലാം വലിയ അനുഗ്ര ഹമായിരിക്കുന്നു. പുതിയ സ്കൂളിന്റെ പ്രവർത്തനങ്ങളും ഭംഗിയായി നടന്നുവരുന്നു. പ. സഭയുടെ ചുമ തലയിൽ നൂറോളം എയിഡ്സ് രോഗികളും പരിപാലിക്കപ്പെടുന്നു.

ഈ വർഷത്തെ ഗർബ്ബോ ഞായറാഴ്ച മാർ 5-ാം തീയതിയാണല്ലോ. ലോകമെങ്ങുമുള്ള കുഷ്ഠരോഗി കൾക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയും അവരുടെയും അവരുടെ കുഞ്ഞുങ്ങളുടെയും ക്ഷേമ ത്തിനായി പ. സഭ നടത്തുന്ന സ്ഥാപനങ്ങൾക്കുവേണ്ടിയും അതിലെ പ്രവർത്തകർക്കുവേണ്ടിയും പ്രവർത്ത നങ്ങൾക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥന നടത്തണം. അന്നത്തെ കാണിക്കയും പ്രത്യേക സംഭാവന കളും The Director, St. Gregorios Balagram, Yacharam P. O, (via) Ibrahim Pattanam, R. R. District, Thelungana എന്ന വിലാസത്തിൽ അയച്ചുകൊടുക്കുകയും ചെയ്യണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യ യുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമ തികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 ജനുവരി മാസം 23 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.